"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് കോർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.റ്റി.നാസർബാബുവിന്റ അന്യത്രസേവനം റദ്ദ് ചെയ്ത് അടിയന്തരമായി മാതൃ വകുപ്പിലേയ്ക്ക് മടക്കി അയക്കുന്നതിന് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/01/2021

---

പരാമർശം:- 1) 10/01/2020-ലെ സ.ഉ.സാധാ)നം.90/2020/തസ്വഭവ

2) അച്ചടി വകുപ്പ് ഡയറക്ടറുടെ 27/07/2020, 07/09/2020 എന്നീ തീയതികളിലെ 9686/20/ഇ 4/ഡി. പി.(1) നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

അച്ചടി വകുപ്പ് പ്രിൻ്ററിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവംമൂലം അടിയന്തര പ്രാധാന്യമുള്ള അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നതിന്നാൽ, പരാമർശം (1) പ്രകാരം ശുചിത്വമിഷൻ കോഴിക്കോട് ജില്ലാ ഓഫീസിൽ അസി. കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഷൊർണ്ണൂർ ഗവ.പ്രസ്സിലെ സിനീയർ ഗ്രേഡ് പ്രിന്റർ ആയ ശ്രീ.റ്റി.നാസർബാബുവിന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് ടിയാനെ മാതൃ വകുപ്പിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശുചിത്വമിഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് കോ-ഓഡിനേറ്റർ(ഐ.ഇ.സി) തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.റ്റി.നാസർബാബുവിന്റ അന്യത്രസേവനം റദ്ദ് ചെയ്ത് അടിയന്തരമായി മാതൃവകുപ്പിലേയ്ക്ക് മടക്കി അയക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.റ്റി.നാസർബാബു (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ/ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ. എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ